## പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടി ഉത്തരവ്

വിഷയം :- പൊതുവിദ്യാഭ്യാസം-നിരീക്ഷണകാലം തൃപ്തികരമായി പൂർത്തിയാക്കുന്നത് സംബന്ധിച്ച്-ശ്രീമതി രതി.വി.ബി, പ്രഥമാദ്ധ്യാപിക, ജി.എച്ച്.എസ്.എസ്.വരവൂർ.

വായന :-
1. 21.03.2017 - ലെയും 28.12.2017 - ലെയും തൃശൂർ വിദ്യാഭ്യാസ ഉപ ഡയറക്ടറുടെ എ3/3629/2017 നംപർ കത്ത്.
2. അക്കൗണ്ടന്റ് ജനറൽ (എ&ഇ) തിരുവനന്തപുരത്തിന്റെ 21.06.2017 ലെ ജി.ഇ-09/എ/ആർ-1140/1789 നമ്പർ കത്ത്.
3. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 17.06.2016 ലെ ഡി5/3100/2016/ഡി.പി.ഐ. നമ്പർ ഉത്തരവ്

**ഉത്തരവ് നമ്പർ ഡി2/24675/2017/ഡി.പി.ഐ/അ.തീ. തീയതി, 16.01.2018**

ഹെഡ്മിസ്ട്രസ്സ്/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ സമാന തസ്തികയിൽ ജോലി ചെയ്യുന്ന താഴെ പറയുന്ന അധ്യാപികയുടെ നിരീക്ഷണ കാലം താഴെ പറയുന്ന പ്രകാരം തൃപ്തികരമായി പ്രഖ്യാപിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

| ക്രമ നം. | പേര്, തസ്തിക | ഹെഡ്മിസ്ട്രസ്സ്/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ സമാന തസ്തികയിൽ ജോലിയിൽ പ്രവേശിച്ച തീയതി | 6 മാസം പൂർത്തിയായ തീയതി | നിരീക്ഷണകാലം തൃപ്തികരമായി പൂർത്തിയാക്കിയ തീയതി |
|---|---|---|---|---|
| 1 | രതി.വി.ബി, ഹെഡ്മിസ്ട്രസ്സ്, ഗവൺമെന്റ് എച്ച്.എസ്.എസ്. വരവൂർ. | 20.06.2016 | 19.12.2016 (അപരാഹ്നം) | 20.12.2016 (പൂർവ്വാഹ്നം) |

(ഒപ്പ്)
ലീന ലിറ്റി.ഡി
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

//അംഗീകാരത്തോടെ//

സൂപ്രണ്ട്

സ്വീകർത്താവ്:-

1. ബന്ധപ്പെട്ട അധ്യാപിക.
2. വിദ്യാഭ്യാസ ഉപ ഡയറക്ടർ, തൃശൂർ.
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ) തിരുവനന്തപുരം (ഉപരിപത്രം സഹിതം)
4. കരുതൽ ഫയൽ.

കെ.ആർ/-

## പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടി ഉത്തരവ്

വിഷയം : പൊതു വിദ്യാഭ്യാസം - ജീവനക്കാര്യം - നിരീക്ഷണകാലം തൃപ്തികരമായി പൂർത്തിയാക്കുന്നത് സംബന്ധിച്ച് - ശ്രീമതി. ജയകുമാരി.എസ്, പ്രധാന അദ്ധ്യാപിക, ഗവൺമെന്റ് ഹൈസ്കൂൾ, വാക്കനാട് കൊല്ലം.

പരാമർശം : 1) 10-03-2017 ലെ ആലപ്പുഴവിദ്യാഭ്യാസ ഉപ ഡയറക്ടറുടെ എ1/1577/2017 നമ്പർ കത്ത്.
2) അക്കൗണ്ടന്റ് ജനറൽ (എ & ഇ) തിരുവനന്തപുരത്തിന്റെ 19-12-2017 ലെ ജി.ഇ 09/ഇ/ജെ - 393/3129 നമ്പർ കത്ത്.
3) പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ഉത്തരവ് നമ്പർ ഡി5/3100/2016/ഡി.പി.ഐ തീയതി: 17-06-2016.

**ഉത്തരവ് നമ്പർ ഡി (2)/22442/2017/ഡി.പി.ഐ/അ.തീ, തീയതി 10-01-2018.**

ഹെഡ്മാസ്റ്റർ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ സമാന തസ്തികയിൽ ജോലി ചെയ്യുന്ന താഴെപ്പറയുന്ന അദ്ധ്യാപികയുടെ നിരീക്ഷണകാലം താഴെപ്പറയുന്ന പ്രകാരം തൃപ്തികരമായി പ്രഖ്യാപിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

| ക്രമ നമ്പർ | പേര്, തസ്തിക | ഹെഡ്മാസ്റ്റർ/ ഉപജില്ലാ വിദ്യാഭ്യാഭ്യാസ ഓഫീസർ സമാന തസ്തികയിൽ ജോലിയിൽ പ്രവേശിച്ച തീയതി | 6 മാസം പൂർത്തീയായ തീയതി | നിരീക്ഷണകാലം തൃപ്തികരമായി പൂർത്തിയാക്കിയ തീയതി | റിമാർക്സ് |
|---|---|---|---|---|---|
| 1 | ശ്രീമതി.ജയകുമാരി.എസ്, പ്രധാന അദ്ധ്യാപിക, ഗവൺമെന്റ് ഹൈസ്കൂൾ വാക്കനാട്, കൊല്ലം. | 18-06-2016 | 17-12-2016 അപരാഹ്നത്തിൽ | 18-12-2016 പൂർവ്വാഹ്നത്തിൽ | - |

(ഒപ്പ്)
**ഡി. ലീന ലിറ്റി,**
**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ,**
**പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,**
**തിരുവനന്തപുരം.**

**/അംഗീകാരത്തോടെ/**

**സൂപ്രണ്ട്.**

സ്വീകർത്താവ്

1) ബന്ധപ്പെട്ട അദ്ധ്യാപിക.
2) വിദ്യാഭ്യാസ ഉപ ഡയറക്ടർ, കൊല്ലം, ആലപ്പുഴ.
3) അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം (ഉപരിപത്രം സഹിതം)
4) കരുതൽ ഫയൽ

എ.സി-

## PROCEEDINGS OF THE SENIOR ADMINISTRATIVE OFFICER, OFFICE OF THE DIRECTOR OF PUBLIC INSTRUCTION, THIRUVANANTHAPURAM

Sub :- :- General Education - Establishment-Declaration of completion of probation in the cadre of Headmaster - Erratum- Orders issued.

Read :- This office Order No.D2/54291/2016/DPI/K.Dis. Dated, 10.11.2017

**ORDER No.D2/95687/2017/DPI.Kdis Dated: 09.01.2018**

Date of declaration of Probation of Smt.Letha.K.M., Headmistress, GHSS Meladoor, Thrissur was erroneously mentioned as FN of 22.03.2016 in the Order read as 1st paper above stands corrected as F.N. of 23.03.2016. The order read above is modified to this extent.

Sd/-
**LEENA LITTY.D.**
Senior Administrative Officer
For Director of Public Instruction

//Approved for issue//

Superintendent

To

(1) The Accountant General (A&E), Kerala, Thiruvananthapuram (with C/L)
(2) The Deputy Director of Education, Thrissur.
(3) Smt.Letha K.M.
Headmistress,
GHSS Meladoor,
Thrissur.
(4) Stock file.

KR/-

## പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടി ഉത്തരവ്

**സാന്നിദ്ധ്യം ഡി.ലീന ലിറ്റി.**

വിഷയം : പൊതു വിദ്യാഭ്യാസം - ജീവനക്കാര്യം - പഞ്ചായത്ത് ഹൈസ്കൂളുകളിലെ ഹെഡ്മാസ്റ്റർമാരുടെ നിരീക്ഷണകാലം പ്രഖ്യാപിക്കുന്നത് - സംബന്ധിച്ച് - ശ്രീ.രമേശൻ.എ.പി, പ്രധാന അദ്ധ്യാപകൻ, പാപ്പിനിശ്ശേരി ഇ.എം.എസ്. സ്മാരക ഗവൺമെന്റ് ഹൈസ്കൂൾ, കണ്ണൂർ.

വായന :
1) ജി.ഒ (ആർ.റ്റി) 955/2017/പൊ.വി.വ തീയതി: 01-04-2017.
2) 06-12-2017 ലെ കണ്ണൂർ വിദ്യാഭ്യാസ ഉപ ഡയറക്ടറുടെ ഇ1/3972/2017 നമ്പർ കത്ത്.
3) ജി.ഒ (എം.എസ്) 02/2010/പൊ.വി.വ തീയതി: 02-01-2010.
4) ജി.ഒ (എം.എസ്) 20/2010/പൊ.വി.വ തീയതി: 20-01-2012
5) ജി.ഒ (എം.എസ്)132/2014/പൊ.വി.വ തീയതി: 17-07-2014.
6) ഈ ഓഫീസിലെ 04-07-2017 ലെ എസ്.വൈ1/6080/2012/ഡി.പി.ഐ നമ്പർ ഉത്തരവ്.
7) ഈ ഓഫീസിലെ 10-09-2015 ലെ ഡി5/10500/2015/ഡി.പി.ഐ നമ്പർ നടപടി ഉത്തരവ്.

**ഉത്തരവ് നമ്പർ ഡി (2)/94597/2017/ഡി.പി.ഐ/അ.തീ, തീയതി 16-01-2018.**

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള സ്കൂളുകൾ വായന (3) പ്രകാരം സർക്കാർ ഏറ്റെടുത്തിരിക്കുന്നു. ആയതിൻ പ്രകാരം ഒരു ജില്ലയിൽ സർക്കാർ ഏറ്റെടുത്ത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള സ്കൂളുകളിൽ നിയമിച്ച ജീവനക്കാരുടെ പ്രത്യേക സീനിയോറിറ്റിയും പി.എസ്.സി മുഖേന നിയമനം ലഭിച്ചവരുടെ സീനിയോറിറ്റിയും പ്രത്യേകം തയ്യാറാക്കേണ്ടതും, അതാത് ജില്ലയിലെ പഞ്ചായത്ത് സ്കൂളുകളിൽ ഉണ്ടാകുന്ന ഒഴിവുകളിലേക്ക് സ്ഥലംമാറ്റം/സ്ഥാനക്കയറ്റം എന്നിവ പഞ്ചായത്ത് നിയമിച്ച ജീവനക്കാരുടെ സീനിയോറിറ്റിയിൽ നിന്നും നിയമിക്കേണ്ടതാണെന്നും വായന (4), (5) പ്രകാരം സർക്കാർ നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടി സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നിയമിച്ച ഹൈസ്കൂൾ അസിസ്റ്റന്റുമാരുടെ കോമൺ പൂൾ സീനിയോറിറ്റി ലിസ്റ്റ് വായന (6) പ്രകാരം അന്തിമമായി പുറപ്പെടുവിച്ചിരുന്നു.

വായന (6) പ്രകാരമുള്ള കോമൺ പൂൾ സീനിയോറിറ്റി ലിസ്റ്റിൽ 55-ാമതായി ഉൾപ്പെട്ട ശ്രീ.രമേശൻ.എ.പി-യെ പ്രധാന അദ്ധ്യാപകനായി വായന (7) പ്രകാരം സ്ഥാനക്കയറ്റം നൽകി നിയമിച്ചിരുന്നു. ടിയാൾ 14-09-2015 ന് മേൽ തസ്തികയിൽ ജോലിയിൽ പ്രവേശിച്ചു. വായന (4), (5) പ്രകാരമുള്ള സർക്കാർ ഉത്തരവിൽ സർക്കാർ ഏറ്റെടുത്ത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള സ്കൂളുകളിലെ അദ്ധ്യാപക/അനദ്ധ്യാപക ജീവനക്കാരുടെ സ്ഥാനക്കയറ്റം സീനിയോറിറ്റി ട്രാൻസ്ഫർ എന്നിവ സംബന്ധിച്ചു മാത്രമേ വ്യവസ്ഥ ചെയ്തിരുന്നുള്ളു. ടി ജീവനക്കാരുടെ ഗ്രേഡ്, പ്രൊബേഷൻ, ഇൻക്രിമെന്റ് എന്നിവ

(മറുപുറം)

സംബന്ധിച്ച് യാതൊന്നും പ്രതിപാദിച്ചിരുന്നില്ല. ഈ സാഹചര്യത്തിൽ ബഹു: സർക്കാരിൽ നിന്നും സ്പഷ്ടീകരണമോ, ഉത്തരവോ ലഭിക്കാതിരുന്ന സാഹചര്യത്തിൽ പഞ്ചായത്ത് ഹൈസ്കൂൾ പത്തിയൂർ, ഇ.എം.എസ്. സ്മാരക ഗവൺമെന്റ് ഹൈസ്കൂൾ പാപ്പിനിശ്ശേരി എന്നീ സ്കൂളുകളിലെ പ്രധാന അദ്ധ്യാപകനായിരുന്ന ശ്രീ.രമേശൻ.എ.പി-യുടെ നിരീക്ഷണകാലം പ്രഖ്യാപിച്ച് ഈ ഓഫീസിൽ നിന്നും ഉത്തരവ് നൽകിയിരുന്നില്ല.

വായന (1) പ്രകാരം സർക്കാർ പുറപ്പെടുവിച്ച ഉത്തരവിൽ നിയമനാധികാരിയായ പൊതുവിദ്യാഭ്യാസ ഡയറക്ടർ സർക്കാർ ടി വിഷയത്തിൽ പുറപ്പെടുവിക്കുന്ന അന്തിമ ഉത്തരവിന് വിധേയമായി എയ്ഡഡ് സ്കൂൾ ഹെഡ്മാസ്റ്റർമാരുടെ നിരീക്ഷണകാലം പ്രഖ്യാപിക്കുന്ന ചട്ടങ്ങൾ പ്രകാരം നിരീക്ഷണകാലം പ്രഖ്യാപിച്ചു നൽകുവാൻ നിർദ്ദേശം നൽകിയിരുന്നു.

പഞ്ചായത്ത് ഹൈസ്കൂൾ പത്തിയൂർ, ഇ.എം.എസ് സ്മാരക ഹൈസ്കൂൾ പാപ്പിനിശ്ശേരി എന്നീ സ്കൂളുകളിലെ പ്രധാന അദ്ധ്യാപകനായിരുന്ന ശ്രീ.രമേശൻ.എ.പി-യുടെ പ്രധാന അദ്ധ്യാപക തസ്തികയിലുള്ള നിരീക്ഷണകാലം 13-12-2016 പൂർവ്വാഹ്നത്തിൽ തൃപ്തികരമായി പ്രഖ്യാപിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

ആയത്, പഞ്ചായത്ത് ഹൈസ്കൂൾ ഹെഡ്മാസ്റ്റർമാരുടെ നിരീക്ഷണകാലം പ്രഖ്യാപിക്കുന്ന വിഷയത്തിൽ സർക്കാർ അന്തിമ ഉത്തരവ് പുറപ്പെടുവിക്കുമ്പോൾ പുനഃപരിശോധനയ്ക്ക് വിധേയമാക്കുന്നതാണ്.

(ഒപ്പ്)
**ഡി. ലീന ലിറ്റി,**
**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ,**
**പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,**
**തിരുവനന്തപുരം.**

**//അംഗീകാരത്തോടെ//**

**സൂപ്രണ്ട്.**

സ്വീകർത്താവ്

വിദ്യാഭ്യാസ ഉപ ഡയറക്ടർ, കണ്ണൂർ.

പകർപ്പ് :

1) ശ്രീ.എ.പി.രമേശൻ,
പ്രധാന അദ്ധ്യാപകൻ, ഇ.എം.എസ്. സ്മാരക ഗവൺമെന്റ് ഹൈസ്കൂൾ, പാപ്പിനിശ്ശേരി.
2) കരുതൽ ഫയൽ

എ.സി-

**പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടി ഉത്തരവ്**

**സാന്നിദ്ധ്യം ഡി.ലീന ലിറ്റി.**

വിഷയം : പൊതു വിദ്യാഭ്യാസം - ജീവനക്കാര്യം - പഞ്ചായത്ത് ഹൈസ്കൂളുകളിലെ ഹെഡ്മാസ്റ്റർമാരുടെ നിരീക്ഷണകാലം പ്രഖ്യാപിക്കുന്നത് - സംബന്ധിച്ച് - ശ്രീമതി.സിനി എം. കുര്യാക്കോസ്, പ്രധാന അദ്ധ്യാപിക, ടി.പി.എസ്.എച്ച്.എസ് തൃക്കൂർ.

വായന :
1) ജി.ഒ (ആർ.റ്റി) 955/2017/പൊ.വി.വ തീയതി: 01-04-2017.
2) 12-12-2017 ലെ തൃശ്ശൂർ വിദ്യാഭ്യാസ ഉപ ഡയറക്ടറുടെ എ3/10882/2017 നമ്പർ കത്ത്.
3) ജി.ഒ (എം.എസ്) 02/2010/പൊ.വി.വ തീയതി: 02-01-2010.
4) ജി.ഒ (എം.എസ്) 20/2010/പൊ.വി.വ തീയതി: 20-01-2012
5) ജി.ഒ (എം.എസ്)132/2014/പൊ.വി.വ തീയതി: 17-07-2014.
6) ഈ ഓഫീസിലെ 04-07-2017 ലെ എസ്.വൈ1/6080/2012/ഡി.പി.ഐ നമ്പർ ഉത്തരവ്.
7) ഈ ഓഫീസിലെ 21-06-2016 ലെ ഡി5/13000/2016/ഡി.പി.ഐ നമ്പർ നടപടി ഉത്തരവ്.

**ഉത്തരവ് നമ്പർ ഡി (2)/50837/2017/ഡി.പി.ഐ/അ.തീ, തീയതി 16-01-2018.**

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള സ്കൂളുകൾ വായന (3) പ്രകാരം സർക്കാർ ഏറ്റെടുത്തിരിക്കുന്നു. ആയതിൻ പ്രകാരം ഒരു ജില്ലയിൽ സർക്കാർ ഏറ്റെടുത്ത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള സ്കൂളുകളിൽ നിയമിച്ച ജീവനക്കാരുടെ പ്രത്യേക സീനിയോറിറ്റിയും പി.എസ്.സി മുഖേന നിയമനം ലഭിച്ചവരുടെ സീനിയോറിറ്റിയും പ്രത്യേകം തയ്യാറാക്കേണ്ടതും, അതാത് ജില്ലയിലെ പഞ്ചായത്ത് സ്കൂളുകളിൽ ഉണ്ടാകുന്ന ഒഴിവുകളിലേക്ക് സ്ഥലംമാറ്റം/സ്ഥാനക്കയറ്റം എന്നിവ പഞ്ചായത്ത് നിയമിച്ച ജീവനക്കാരുടെ സീനിയോറിറ്റിയിൽ നിന്നും നിയമിക്കേണ്ടതാണെന്നും വായന (4), (5) പ്രകാരം സർക്കാർ നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടി സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നിയമിച്ച ഹൈസ്കൂൾ അസിസ്റ്റന്റുമാരുടെ കോമൺ പൂൾ സീനിയോറിറ്റി ലിസ്റ്റ് വായന (6) പ്രകാരം അന്തിമമായി പുറപ്പെടുവിച്ചിരുന്നു.

വായന (6) പ്രകാരമുള്ള കോമൺ പൂൾ സീനിയോറിറ്റി ലിസ്റ്റിൽ 130-ാമതായി ഉൾപ്പെട്ട ശ്രീമതി.സിനി എം. കുര്യാക്കോസിനെ പ്രധാന അദ്ധ്യാപികയായി വായന (7) പ്രകാരം സ്ഥാനക്കയറ്റം നൽകി നിയമിച്ചിരുന്നു. ടിയാൾ 23-06-2016-ൽ മേൽ തസ്തികയിൽ ജോലിയിൽ പ്രവേശിച്ചു. വായന (4), (5) പ്രകാരമുള്ള സർക്കാർ ഉത്തരവിൽ സർക്കാർ ഏറ്റെടുത്ത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള സ്കൂളുകളിലെ അദ്ധ്യാപക/അനദ്ധ്യാപക ജീവനക്കാരുടെ സ്ഥാനക്കയറ്റം സീനിയോറിറ്റി ട്രാൻസ്ഫർ എന്നിവ സംബന്ധിച്ചു മാത്രമേ വ്യവസ്ഥ ചെയ്തിരുന്നുള്ളു. ടി ജീവനക്കാരുടെ ഗ്രേഡ്, പ്രൊബേഷൻ,

(മറുപുറം)

ഇൻക്രിമെന്റ് എന്നിവ സംബന്ധിച്ച് യാതൊന്നും പ്രതിപാദിച്ചിരുന്നില്ല. ഈ സാഹചര്യത്തിൽ ബഹു: സർക്കാരിൽ നിന്നും സ്പഷ്ടീകരണമോ, ഉത്തരവോ ലഭിക്കാതിരുന്ന സാഹചര്യത്തിൽ ടി.പി.എസ്.എച്ച്.എസ് തൃക്കൂർ സ്കൂളുകളിലെ പ്രധാന അദ്ധ്യാപികയായിരുന്ന ശ്രീമതി.സിനി എം. കുര്യാക്കോസിന്റെ നിരീക്ഷണകാലം പ്രഖ്യാപിച്ച് ഈ ഓഫീസിൽ നിന്നും ഉത്തരവ് നൽകിയിരുന്നില്ല.

വായന (1) പ്രകാരം സർക്കാർ പുറപ്പെടുവിച്ച ഉത്തരവിൽ നിയമനാധികാരിയായ പൊതുവിദ്യാഭ്യാസ ഡയറക്ടർ സർക്കാർ ടി വിഷയത്തിൽ പുറപ്പെടുവിക്കുന്ന അന്തിമ ഉത്തരവിന് വിധേയമായി എയ്ഡഡ് സ്കൂൾ ഹെഡ്മാസ്റ്റർമാരുടെ നിരീക്ഷണകാലം പ്രഖ്യാപിക്കുന്ന ചട്ടങ്ങൾ പ്രകാരം നിരീക്ഷണകാലം പ്രഖ്യാപിച്ചു നൽകുവാൻ നിർദ്ദേശം നൽകിയിരുന്നു.

ടി.പി.എസ്.എച്ച്.എസ് തൃക്കൂർ-ലെ പ്രധാന അദ്ധ്യാപികയായിരുന്ന ശ്രീമതി. സിനി എം. കുര്യാക്കോസിന്റെ പ്രധാന അദ്ധ്യാപക തസ്തികയിലുള്ള നിരീക്ഷണകാലം 23-06-2017 പൂർവ്വാഹ്നത്തിൽ തൃപ്തികരമായി പ്രഖ്യാപിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

ആയത്, പഞ്ചായത്ത് ഹൈസ്കൂൾ ഹെഡ്മാസ്റ്റർമാരുടെ നിരീക്ഷണകാലം പ്രഖ്യാപിക്കുന്ന വിഷയത്തിൽ സർക്കാർ അന്തിമ ഉത്തരവ് പുറപ്പെടുവിക്കുമ്പോൾ പുന:പരിശോധനയ്ക്ക് വിധേയമാക്കുന്നതാണ്.

(ഒപ്പ്)
**ഡി. ലീന ലിറ്റി,**
**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ,**
**പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,**
**തിരുവനന്തപുരം.**

**//അംഗീകാരത്തോടെ//**

**സൂപ്രണ്ട്.**

സ്വീകർത്താവ്

വിദ്യാഭ്യാസ ഉപ ഡയറക്ടർ, തൃശ്ശൂർ.

പകർപ്പ് :

1) ശ്രീമതി.സിനി എം. കുര്യാക്കോസ്,
പ്രധാന അദ്ധ്യാപിക, ടി.പി.എസ്.എച്ച്.എസ് തൃക്കൂർ.
2) കരുതൽ ഫയൽ

എ.സി-